# കാലിക്കറ്റ് സർവ്വകലാശാല
## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻ

## <u>പത്രക്കുറിപ്പ്</u>

2021-22 വർഷത്തേക്കുള്ള ബിരുദ പ്രവേശനത്തിന്റെ രണ്ടാമത്തെ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു .

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ 17.09.2021, 5PM-നുള്ളിൽ, താഴെ പ്രതിപാദിച്ചിട്ടുള്ള മാൻഡേറ്ററിഫീസ് അടച്ച ശേഷം കോളേജുകളിൽ റിപ്പോർട്ട് ചെയ്ത് താൽക്കാലിക/സ്ഥിര അഡ്മിഷൻ എടുത്ത് അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതാണ്.

1. എസ് സി/ എസ് ടി / ഒ.ഇ.സി / ഒ.ഇ.സി-ക്ക് തുല്യമായ വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്ന ഇതര 30 സമുദായങ്ങളിലെ വിദ്യാർത്ഥികൾ : 115/- രൂപ

2. മറ്റുള്ളവർ : 480/- രൂപ

1 ഉം 2 ഉം അലോട്ട്മെന്റ് ലഭിച്ച് മാന്റേറ്ററി ഫീസ് അടച്ച് എല്ലാ വിദ്യാർത്ഥികളും നിർബന്ധമായും സ്ഥിരം/താൽക്കാലിക അഡ്മിഷൻ എടുക്കേണ്ടതാണ്. ആദ്യമായി അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ മാന്റേറ്ററി ഫീസ് അടക്കേണ്ടതാണ്. ഒന്നാമത്തെ അലോട്ട്മെന്റ് ലഭിച്ച് മാന്റേറ്ററി ഫീസ് അടച്ച വിദ്യാർത്ഥികൾ (അലോട്ട്മെന്റ് മാറിയിട്ടുണ്ടെങ്കിൽ കൂടി) വീണ്ടും ഫീസ് അടക്കേണ്ടതില്ല.

ലഭിച്ച ഓപ്ഷനിൽ തൃപ്തരായ വിദ്യാർത്ഥികൾ ഹയർ ഓപ്ഷനുകൾക്ക് പരിഗണിക്കേണ്ട തില്ലെങ്കിൽ നിർബന്ധമായും ഹയർ ഓപ്ഷൻ റദ്ദ് ചെയ്യേണ്ടതാണ്. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന പക്ഷം പ്രസ്തുത ഹയർ ഓപ്ഷനുകളിൽ ഏതെങ്കിലും ഒന്നിലേക്ക് തുടർന്ന് അലോട്ട്മെന്റ് ലഭിച്ചാൽ ആയത് നിർബന്ധമായും സ്വീകരിക്കേണ്ടതാണ്. ഇതോടെ മുമ്പ് ലഭിച്ചിരുന്ന അലോട്ട്മെന്റ് നഷ്ടപ്പെടുന്നതും അത് യാതൊരു കാരണവശാലും പുനഃസ്ഥാപിച്ചു നൽകുന്നതുമല്ല.

കോവിഡ് ഭീഷണി നിലനിൽക്കുന്ന സാഹചര്യത്തിൽ വിദ്യാർഥികൾ ആവശ്യപ്പെടുന്ന പക്ഷം ഓൺലൈൻ റിപ്പോർട്ടിങ്ങിലൂടെ പ്രവേശനത്തിനുള്ള അനുമതി കോളേജുകൾ നൽകുന്നതാണ്. അലോട്ട്മെന്റ് നേടിയ വിദ്യാർത്ഥികൾ കോളേജ് അധികൃതരെ ബന്ധപ്പെട്ട് അവരുടെ പ്രവേശന രീതിയും റിപ്പോർട്ടിങ് സമയവും ഉറപ്പ് വരുത്തേണ്ടതാണ്. വിദ്യാർഥികൾ നേരിട്ട് ഹാജരായിട്ടാണ് പ്രവേശനം നേടുന്നതെങ്കിൽ കോവിഡ് പ്രോട്ടോകോൾ നിർബന്ധമായും പാലിച്ചാകണം കോളേജുകളിലെ പ്രവേശന പ്രക്രിയ പൂർത്തീകരിക്കേണ്ടത് .

പ്രവേശനത്തിനായി മതിയായ രേഖകൾ കൈവശം ഇല്ലാത്ത വിദ്യാർത്ഥികൾ പ്രസ്തുത രേഖകൾ 17.09.2021 തിയതിക്ക് മുൻപായി ഹാജാരാക്കി പ്രവേശനം നേടേണ്ടതാണ് .

അഡ്മിഷൻ പ്രക്രിയയിലുടനീളം ആരോഗ്യ സുരക്ഷാ മാനദണ്ഡങ്ങളിൽ യാതൊരു വിധ വിട്ടു വീഴ്ചയും കോളേജ് അധികൃതർ അനുവദിക്കുന്നതല്ല.

പ്രവേശനത്തിനായി ഓൺലൈൻ റിപ്പോർട്ടിങ്ങ് സൗകര്യം ഉപയോഗപ്പെടുത്തുന്ന വിദ്യാർത്ഥികളോട് ഫീസ് ഓൺലൈനായി അടവാക്കുന്നതിനുള്ള നിർദേശങ്ങൾ അവർ ബന്ധപ്പെടുന്ന മുറയ്ക്ക് കോളേജ് അധികൃതർ നൽകുന്നതായിരിക്കും. കൂടാതെ ഒറിജിനൽ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് കോളേജ് അധികൃതർ നിർദ്ദേശിക്കുന്ന രീതിയിൽ 17.09.2021 നു മുൻപേ കോളേജിൽ ഹാജരാക്കേണ്ടതാണ്.

താൽക്കാലിക പ്രവേശനം നേടുന്നവർ കോളേജിൽ യാതൊരുവിധ ഫീസും അടവാക്കേണ്ടതില്ല. സ്ഥിരം പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് ടി.സി. ഒഴികെയുള്ള യോഗ്യത പരീക്ഷകളുടെ സർട്ടിഫിക്കറ്റുകൾ കോളേജിലെ പരിശോധനകൾക്ക് ശേഷം പ്രവേശനം നേടുന്ന ദിവസം തന്നെ തിരിച്ചുവാങ്ങാവുന്നതാണ്.

അപേക്ഷയിൽ തിരുത്തലുകളുണ്ടെങ്കിൽ 15.09.2021 തിയതി മുതൽ 16.09.2021, 5PM

വരെ വിദ്യാർത്ഥികൾക്ക് തിരുത്തലുകൾ വരുത്താം. സ്റ്റുഡന്റ് ലോഗിൻ വഴി ലോഗിൻ ചെയ്താണ് ആവശ്യമായ തിരുത്തലുകൾ വരുത്തേണ്ടത് . എഡിറ്റിങ് സൗകര്യം ഉപയോഗപ്പെടുത്തുന്നവർ അന്തിമ സമർപ്പണം നടത്തി പുതുക്കിയ അപേക്ഷയുടെ പ്രിന്റൗട്ട് എടുക്കേണ്ടതാണ്. ഇപ്രകാരം എഡിറ്റിങ് സൗകര്യം ഉപയോഗപ്പെടുത്തിയവരെ എഡിറ്റിങ്ങിനെ തുടർന്നുള്ള അപേക്ഷ പ്രകാരമേ തുടർ പ്രക്രിയകളിലേക്ക് പരിഗണിക്കുകയുള്ളൂ.

(ഒപ്പ്)
ഡയറക്ടർ

C.U. Campus
13.09.2021